"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി - 2017-ൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാൻ കഴിയാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പുതിയ പട്ടിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖപ്രകാരം അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.1495/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/08/2020

പരാമർശം:- 1 31/07/2017-ലെ സ. ഉ (എം. എസ്) നം. 151/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2 27/07/2020-ലെ സ. ഉ (എം. എസ്) നം. 112/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

3 4.8.2020, 10.08.2020 തീയതികളിലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ലൈഫ്-2020 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിക്കായി 2017-ൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാൻ കഴിയാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പുതിയ പട്ടിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത മാർഗ്ഗരേഖയിലെ പ്രവർത്തന കലണ്ടറിൽ ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള തീയതി 2020 ഓഗസ്റ്റ് 1 മുതൽ 14 വരെ ആയിരിക്കുമെന്നാണ് നിഷ്കർഷിച്ചിരുന്നത്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കോവിഡ് വ്യാപിക്കുന്ന സാഹചര്യത്തിൽ പല പ്രദേശങ്ങളും കണ്ടെയിൻമെന്റ് ഏരിയകളായി മാറുന്നതിനാൽ ടി സ്ഥലങ്ങളിലെ അപേക്ഷകർക്ക് വിവിധ ഓഫീസുകളിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടി നൽകണമെന്ന് അപേക്ഷകർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ആവശ്യപ്പെടുന്നുണ്ട് എന്നും മാത്രവുമല്ല ബഹു. മുഖ്യമന്ത്രിയുടെ പ്രതിദിന വാർത്താസമ്മേളനത്തിൽ കണ്ടെയിൻമെന്റ് ഏരിയകളിലെ അപേക്ഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടി നൽകുമെന്നറിയിക്കുകയും ചെയ്തിട്ടുണ്ട് എന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 4.8.2020 ലെ കത്ത് പ്രകാരം അറിയിച്ചിരുന്നു. എങ്കിലും 10.8.2020 തീയതിയായ പരാമർശം (3)-ലെ കത്ത് പ്രകാരം കോവിഡ് മഹാമാരിമൂലവും മഴക്കെടുതിമൂലവും വിവിധ ഓഫീസുകളിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുന്നില്ല എന്ന് ജനപ്രതിനിധികളും ജില്ലാ കോ-ഓർഡിനേറ്റർമാരും റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ

അപേക്ഷകളും സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 27/08/2020 വരെ ദീർഘിപ്പിച്ച് ഉത്തരവുണ്ടാകണമെന്ന് ശുപാർശ ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിക്കായി 2017-ൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാൻ കഴിയാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ പുതിയ പട്ടിക തയ്യാറാക്കുന്നതിനായി അംഗീകരിച്ച മാർഗ്ഗരേഖപ്രകാരമുള്ള എല്ലാ അപേക്ഷകളും സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 27/08/2020 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും.

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും.

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും.

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്.

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

മെംമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്,തിരുവനന്തപുരം.

കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എല്ലാ ജില്ലാ ആസൂത്രണ സമിതി മെംമ്പർ സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.

ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.

സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ.

സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംബർ.

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എല്ലാ സെക്ഷനുകൾക്കും.